## പതിമൂന്നാം കേരള നിയമസഭ.
## ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T-5326 — 02/07/2013 ൽ മറുപടിയ്ക്ക്

## ചെമ്പൻമുടി മലയിലെ ക്രഷർ ഉയർത്തുന്ന പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. രാജു എബ്രഹാം** | **ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) റാന്നി നിയോജക മണ്ഡലത്തിലെ ചെമ്പൻമുടി മലയിലെ ക്രഷറിന് മുന്നിൽ നാട്ടുകാർ നടത്തുന്ന സമരം സംബന്ധിച്ച് ഏതെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; | (എ), (ബി) & (സി) ചെമ്പൻമുടി മലയിലെ ക്രഷർ യൂണിറ്റിനു മുമ്പിൽ നാട്ടുകാർ നടത്തുന്ന സമരം സംബന്ധിച്ചുള്ള പത്ര വാർത്ത പത്തനംതിട്ട ജില്ലാ കളക്ടർ മുഖേന മൈനിംഗ് & ജിയോളജി വകുപ്പിന്റെ പത്തനംതിട്ട ജില്ലാ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. അതിൻ പ്രകാരം ജില്ലാ ജിയോളജിസ്റ്റ് നേരിട്ട് സ്ഥലം പരിശോധിക്കുകയും ക്രഷർ യൂണിറ്റുകൾക്ക്, അവ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു. നിശ്ചിത രേഖകൾ ഹാജരാക്കാത്തതിനാൽ ക്രഷർ യൂണിറ്റുകളുടെ പ്രവർത്തനം നിർത്തി വയ്പിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രവർത്തനം സംബന്ധിച്ച് എന്തൊക്കെ അന്വേഷണങ്ങളാണ് നടത്തിയിട്ടുള്ളത്; ആരെയൊക്കെയാണ് ഇതിനായി ചുമതലപ്പെടുത്തിയത്; ഇവർ നൽകിയ റിപ്പോർട്ട് പ്രകാരം സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ; | |
| (സി) നാട്ടുകാരുടെ പരാതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ക്രഷർ യൂണിറ്റുകളുടെ പ്രവർത്തനം നിർത്തി വയ്പ്പിക്കാൻ നടപടി സ്വീകരിക്കുമോ; | |
| (ഡി) ഈ മേഖലയിൽ ശ്വാസകോശ സംബന്ധമായ രോഗങ്ങളും കാൻസറടക്കമുള്ള മാരക രോഗങ്ങളും പടർന്നു പിടിക്കുന്നതായ ആക്ഷേപത്തെപ്പറ്റി പഠിക്കാൻ ആരോഗ്യവകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുമോ; രോഗബാധിതരായ മുഴുവൻ പേർക്കും സർക്കാർ പ്രത്യേക ചികിത്സാ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ